**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2587** **12-10-2021 - ൽ മറുപടിയ്ക്ക്**

**വാഴൂർ 110 കെ.വി സബ് സ്റ്റേഷൻ പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വാഴൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) | സ്ഥലമെടുപ്പ് (രജിസ്ട്രേഷൻ, പോക്കുവരവ്) 01.09.2021-ൽ പൂർത്തിയായി. നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സൈറ്റ് ലെവലിങ്ങിനു വേണ്ടിയുള്ള കോണ്ടൂർ സർവ്വെ പൂർത്തിയാക്കി ലേ ഔട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | നിർമ്മാണം 2021 ഡിസംബറിൽ ആരംഭിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രാരംഭ നടപടികൾ നടന്നു വരുന്നു. 11.75 കോടി രൂപയ്ക്ക് 06.03.2019-ൽ അനുമതി ലഭിച്ചിരുന്നു. സ്ഥലം ലഭിക്കുന്നതിനുള്ള കാലതാമസം മൂലം നിലവിലെ ഭരണാനുമതി കാലാവധി പൂർത്തിയായതിനാൽ പുതുക്കിയ ഭരണാനുമതിയ്ക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ലേ ഔട്ട്, പുതുക്കിയ ലേബർ ഡേറ്റ, കോസ്റ്റ് ഡേറ്റാ എന്നിവ പ്രകാരം ഏകദേശം 15.88 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) | സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ലേ ഔട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിനുള്ള വർക്കിംഗ് എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ